(ജി) എ & ബി വിഭാഗത്തിലെ മറുപടി ഇതിനു പര്യാപ്തമാണ്.

ജനകീയ പോലീസ് പദ്ധതി

13 (*13) ശ്രീ. ആർ. ബാലകൃഷ്ണപിള്ള :
ശ്രീ. സി എഫ്. തോമസ് :
ശ്രീ. സി. മൊയിൻ കുട്ടി :
ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജനകീയ പോലീസ് പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഈ പദ്ധതി നടപ്പിലാക്കുന്നതിനു മുമ്പായി വിവിധ രാഷ്ട്രീയ കക്ഷി നേതാക്കളുമായി കൂടിയാലോചിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ആയതിന് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) പദ്ധതിയെ സംബന്ധിച്ച് വിവിധ രാഷ്ട്രീയ കക്ഷികൾക്കും മറ്റും അയച്ചു കൊടുത്ത കരട് രൂപം സംബന്ധിച്ച് എത്ര രാഷ്ട്രീയ പാർട്ടികൾ അഭിപ്രായം അറിയിച്ചിട്ടുണ്ട്.

(ഡി) ഓരോ പാർട്ടിയും ഇതു സംബന്ധിച്ച് സർക്കാരിനെ അറിയിച്ചിട്ടുള്ള വിവരങ്ങൾ എന്തെല്ലാമാണ് ;

(ഇ) ഇത് സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നും ഇതര സംസ്ഥാനങ്ങളിൽ നിന്നും അഭിപ്രായങ്ങൾ സ്വരൂപിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(എഫ്) പുതിയ പോലീസ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്ന പരിവർത്തനങ്ങൾ എന്തെല്ലാമാണ് ;

(ജി) ഈ പദ്ധതി കൊണ്ട് ഇന്ന് നിലവിലുള്ള പോലീസ് ഭരണം കാര്യക്ഷമമാകുമെന്ന് കരുതുന്നുണ്ടോ ;

(എച്ച്) വാർഡുകളിൽ രൂപീകരിക്കുന്ന പീപ്പിൾസ് പോലീസ് സമിതികളിലെ കൺവീനർമാരായ പോലീസുകാർക്ക് പരിശീലനം നൽകിക്കഴിഞ്ഞിട്ടുണ്ടോ ;

(ഐ) ഈ പരിശീലനത്തിന് ക്ലാസ് എടുക്കാൻ നിയോഗിക്കപ്പെട്ടവർ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ജെ) ജനകീയ പോലീസ് പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(കെ) ജനകീയ പോലീസ് പദ്ധതി ഏതു രൂപത്തിൽ എങ്ങനെ നടപ്പിലാക്കാനാണ് സർക്കാർ ഇപ്പോൾ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ ; ഇതു സംബന്ധിച്ച കരട് ചട്ടങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ) ഉദ്ദേശിക്കുന്നുണ്ട്.

(ബി) രാഷ്ട്രീയ പാർട്ടികളുടെ അഭിപ്രായങ്ങൾ ലഭിക്കുന്നതിനു വേണ്ടി പദ്ധതിയുടെ കരടുരൂപം അയച്ചു കൊടുക്കുകയും പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ലഭിക്കുന്ന അഭിപ്രായങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനു വേണ്ടി ആഭ്യന്തര വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായി ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ട്. ലഭിച്ച അഭിപ്രായങ്ങൾ പഠിച്ചു വരികയാണ്.

(സി-ഇ) പദ്ധതിയെ സംബന്ധിച്ച് അയച്ചു കൊടുത്തിട്ടുള്ള കരട് രൂപരേഖയിന്മേലുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സംസ്ഥാനത്തിന് അകത്തു നിന്നും പുറത്തു നിന്നും ലഭിച്ചു കൊണ്ടിരിക്കുന്നതേയുള്ളൂ. അവ പരിശോധിച്ചു വരികയാണ്

(എഫ്) പൊതുജനങ്ങളുടെ സൗഹൃദവും, വിശ്വാസവും നേടിയെടുത്തു കൊണ്ട് അവരുടെ സമ്പൂർണ്ണ സഹകരണത്തോടെ കുറ്റകൃത്യങ്ങൾ തടയുന്നതുൾപ്പെടെയുള്ള പോലീസ് പ്രവർത്തനങ്ങൾ നടത്താനും അതിനതീതമായി കുറ്റകൃത്യങ്ങളിലും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിലും ഏർപ്പെടുന്നവരെ എത്രയും വേഗം കണ്ടുപിടിച്ച് നിയമ നടപടികൾക്ക് വിധേയമാക്കുന്നതിനും തുടർന്ന് അവരെ സമൂഹത്തിനു പ്രയോജനപ്പെടുന്ന പൗരന്മാരാക്കിത്തീർക്കുന്നതിനുമാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്.

(ജി) ഉണ്ട്

(എച്ച്) ഇല്ല

(ഐ) ചോദ്യം ഉദിക്കുന്നില്ല.

(ജെ & കെ) പദ്ധതിക്ക് അന്തിമ രൂപം നല്കാനുള്ള നടപടികൾ നടന്നു വരികയാണ്.

മുൻ സർക്കാരിന്റെ കാലത്ത് നടന്ന അഴിമതികളെക്കുറിച്ച് അന്വേഷണം

14 (*14) ശ്രീ. കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. എം. ദാസൻ :
ശ്രീ. എം. എ. തോമസ് :
ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻസർക്കാരിന്റെ കാലത്ത് നടന്ന അഴിമതികളെക്കുറിച്ച് സർക്കാർ ഏതെല്ലാം തലത്തിലുള്ള അന്വേഷണമാണ് നടത്തിവരുന്നതെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly